പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1568 **01-07-2026-ൽ മറുപടിയ്ക്ക്**

പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ആരോഗ്യ വകുപ്പിനു കീഴിലെ പ്രവൃത്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മുണ്ടക്കയം ഇഞ്ചിയാനി സബ് സെന്റർ,കുന്നോന്നി സബ് സെന്റർ,പെരിങ്ങുളത്ത് സബ് സെന്റർ,കോരുത്തോട് പ്രാഥമികാരോഗ്യ കേന്ദ്രം സബ് സെന്റർ,ഇടക്കുന്നം - പാലാമ്പ്രയിലെ സബ് സെന്റർ എന്നീ ആരോഗ്യ കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

മറുപടി: പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മുണ്ടക്കയം ഇഞ്ചിയാനി സബ് സെന്റർ, കുന്നോന്നി സബ് സെന്റർ, പെരിങ്ങളത്ത് സബ് സെന്റർ, കോരുത്തോട് പ്രാഥമികാരോഗ്യ കേന്ദ്രം സബ് സെന്റർ, ഇടക്കുന്നം പാലാമ്പ്രയിലെ സബ് സെന്റർ എന്നീ ആരോഗ്യ കേന്ദ്രങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾ എൻ.എച്ച്.എം. മുഖേന, 2023-24 സാമ്പത്തിക വർഷത്തിലെ 15 -ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	നിലവിലെ അവസ്ഥ
1	മെയിൻ സെന്റർ കോരുത്തോട് - (സബ് സെന്റർ കെട്ടിട നിർമ്മാണം)	ഡി.പി.ആർ. തയ്യാറാക്കി വരുന്നു.
2	എഫ്.ഡബ്ല്യു.സി. ഇഞ്ചിയാനി - (സബ് സെന്റർ കെട്ടിട നിർമ്മാണം)	ഡി.പി.ആർ. തയ്യാറാക്കി വരുന്നു.
3	എഫ്.ഡബ്ല്യു.സി. പാലമ്പ്ര (സബ് സെന്റർ കെട്ടിട നിർമ്മാണം)	പഞ്ചായത്ത് ഭൂമി അനുവദിച്ചിട്ടില്ല.
4	എഫ്.ഡബ്ല്യു.സി. കുന്നോന്നി (സബ് സെന്റർ കെട്ടിട നിർമ്മാണം)	IPHS പ്രകാരമുള്ള സബ് സെന്റർ നിർമ്മാണത്തിനുള്ള വിസ്തൃതി ഇല്ലാത്തതിനാൽ നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുന്നതിനുള്ള ബുദ്ധിമുട്ട് പഞ്ചായത്ത് അധികൃതരെ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.
5	എഫ്.ഡബ്ല്യു.സി. പെരിങ്ങളം (സബ് സെന്റർ കെട്ടിട നിർമ്മാണം)	ഡി.പി.ആർ. തയ്യാറാക്കി വരുന്നു. പഴയ കെട്ടിടം പൊളിച്ചുമാറ്റേണ്ടതായിട്ടുണ്ട്.

(ബി) പൂഞ്ഞാർ തെക്കേക്കര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

മറുപടി: ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ